# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 547 — 09-02-2016-ൽ മറുപടിക്ക്

### പുതിയ വ്യവസായ സ്ഥാപനങ്ങൾക്ക് ആനുകൂല്യങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.ടി.എ.റഹീം | | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) | പുതിയ വ്യവസായ സ്ഥാപനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക മായ വല്ല ആനുകൂല്യങ്ങളും നൽകി വരുന്നുണ്ടോ ; | (എ) | സംസ്ഥാനത്തെ യുവ സംരംഭകർക്കായി പുതിയ വ്യവസായ സംരംഭങ്ങൾ കൊണ്ടു വരുന്നതിനും കൂടുതൽ നിക്ഷേപം ഉറപ്പാ ക്കുന്നതിനും വേണ്ടി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന സംരംഭകത്വ സഹായ പദ്ധതി വഴി വ്യവസായ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകി വരുന്നു.<br><br>യുവ സംരംഭകർക്ക് ആവശ്യമായ സാമ്പ ത്തിക സഹായം ലഭ്യമാക്കുന്നതിനായി കെ.എസ്.ഐ.ഡി.സിയിൽ 25 ലക്ഷം രൂപ വരെ മൂലധനം നൽകുന്ന ഒരു സീഡ് ഫണ്ടിങ്ങ് സ്കീം ആരംഭിച്ചിട്ടുണ്ട്. വിദ്യാർത്ഥി / യുവസംരംഭകരിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട പതിനഞ്ചോളം ആശയ ങ്ങൾക്ക് ഇതിനോടകം സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടുണ്ട്. കൂടുതൽ വിദ്യാർത്ഥി / യുവസംരംഭകരുടെ നൂതന ആശയങ്ങൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീക രിച്ചു വരുന്നു. കെ.എസ്.ഐ.ഡി.സി വായ്പകളുടെ പലിശ 2% ശതമാനം കുറച്ചിട്ടുണ്ട്. |
| (ബി) | ചെറുകിട വ്യവസായം ആരംഭിക്കുന്ന വർക്ക് വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഇളവുകൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ? | (ബി) | ഇത് സംബന്ധിച്ച് തീരുമാനമൊന്നും എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ